<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4638</u> <u>10-08-2021 - ൽ മറുപടിയ്ക്ക്</u>

<u>കോഴിക്കോട് ജില്ലയിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ യാത്രയ്ക്കായി ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സ്വകാര്യ ബസ്സുകളെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സ്വകാര്യ ബസുകളെയും കെ.എസ്.ആർ.ടി.സി ബസുകളെയും ജനങ്ങൾ യാത്രയ്ക്കായി ആശ്രയിക്കുന്നുണ്ട്. ഹ്രസ്വദൂര യാത്രകൾക്കായി പ്രൈവറ്റ് ബസുകളെയാണ് കൂടുതലായി ആശ്രയിക്കുന്നത്. എന്നാൽ ദീർഘദൂര യാത്രകൾക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് ഉപയോഗിക്കുന്നത്. നിലവിൽ കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി, തിരുവമ്പാടി, തൊട്ടിൽപാലം, വടകര എന്നീ ഡിപ്പോകളിൽ നിന്നുമായി 180 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റ് ചെയ്തു വരുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധിമൂലം സ്വകാര്യ ബസ് സർവ്വീസ് പാടെ നിർത്തലാക്കിയതിനാൽ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോഴിക്കോട് ജില്ലയിൽ നിലവിൽ 180 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റ് ചെയ്തു വരുന്നു. കോഴിക്കോട് ജില്ലയിൽ എല്ലാ സ്വകാര്യ ബസ്സുകളും സർവ്വീസ് നിർത്തലാക്കിയിട്ടില്ല. ആകെ 865 സ്വകാര്യ ബസ്സുകളാണ് ജില്ലയിലുള്ളത്. അവയിൽ 527 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 338 ബസ്സുകൾക്ക് നികുതി ഒഴിവാക്കുന്നതിനുള്ള ജി ഫോം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | അതിരൂക്ഷമായ യാത്രാക്ലേശം അനുഭവിക്കുന്ന പ്രദേശങ്ങളിലേക്ക് ബസ് സർവ്വീസ് അനുവദിക്കുന്നതിനായി എം.എൽ.എ. മാർ പ്രത്യേകം കത്ത് നൽകിയിരുന്നോ; | (സി) | വിവിധ പ്രദേശങ്ങളിലേയ്ക്ക് ബസ്സ് സർവ്വീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ മാരുടെ കത്തുകൾ കെ.എസ്.ആർ.ടി.സി യ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ എം.എൽ.എ. മാർ ആവശ്യപ്പെട്ട പ്രകാരം കെ.എസ്.ആർ.ടി.സി. അനുവദിച്ച ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി 2020 ജനുവരിയിൽ ശരാശരി 4425 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നുവെങ്കിലും കോവിഡ് വ്യാപനം മൂലമുള്ള നിയന്ത്രണങ്ങളാൽ 2021 ജൂലൈയിൽ ശരാശരി 3090 സർവ്വീസ് മാത്രമാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ മാർ ആവശ്യപ്പെട്ട റൂട്ടുകളിൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോവിഡ് |

| | | | |
|---|---|---|---|
| | | | നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ